(എ) കേരളത്തിൽ കഴിഞ്ഞവർഷം സന്ദർശനം നടത്തിയ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ സന്ദർശനം നടത്തുന്ന വിനോദ സഞ്ചാരികളുടെ എണ്ണം വർഷംതോറും കുറയുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ കഴിഞ്ഞവർഷം (2004) സന്ദർശനം നടത്തിയ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 59,72,182 ആണ്.

(ബി) ഇല്ല. ഓരോ വർഷവും വിനോദസഞ്ചാരികളുടെ എണ്ണം കൂടുന്നതായിട്ടാണ് കണ്ടുവരുന്നത്.

(സി) 2003 ഡിസംബർ മാസം മുതൽ 3 വർഷത്തേക്ക് ഒരു പഠനം നടത്തുന്നതിന് ന്യൂഡൽഹിയിലെ ഡേറ്റാമേഷൻ കൺസൾട്ടൻസിയെ ഏല്പിച്ചിരിക്കുകയാണ്.

ഓണാഘോഷ പരിപാടികൾ

254 [1206] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ ഓണാഘോഷവേളയിൽ സംസ്ഥാനത്തേക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കാൻ സർക്കാർ എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പരിപാടികൾക്കായി എന്തു തുക ചെലവഴിക്കാനാണ് സർക്കാർ തീരുമാനിച്ചതെന്ന് വിശദമാക്കാമോ;

(സി) ഓണാഘോഷങ്ങൾ കാണാൻ വിദേശത്തുനിന്നും 2001 മുതൽ എത്ര വിനോദസഞ്ചാരികൾ വന്നെത്തിയെന്ന കണക്ക് വർഷം തിരിച്ച് വിശദമാക്കാമോ;

(ഡി) ഇത് വർദ്ധിപ്പിക്കാൻ ഈ ഓണക്കാലത്ത് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2005-ലെ ഓണാഘോഷം സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുംവിധം വിപുലമായി നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും അതിവിപുലമായ രീതിയിലാവും ഇത്തവണ ഓണാഘോഷം സംഘടിപ്പിക്കുക. കേരളത്തിന്റെ തനതായ കലകളുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവതരണവും ജനപ്രീതി നേടിയ മറ്റു കലാരൂപങ്ങളും ഘോഷയാത്രയും ഈ ആഘോഷങ്ങൾക്ക് മാറ്റേകും. തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശങ്ങളിലും മറ്റെല്ലാം ജില്ലാ തലസ്ഥാനങ്ങളിലും ഓണാഘോഷപരിപാടികൾ സംഘടിപ്പിക്കും. പരിപാടികൾക്ക് അന്തിമരൂപം നൽകിയിട്ടില്ല.

(ബി) കൊച്ചി, കോഴിക്കോട് ജില്ലകളിലൊഴികെ മുൻവർഷങ്ങളിലേതുപോലെ തുക അനുവദിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൊച്ചി, കോഴിക്കോട് ജില്ലകൾക്ക് കൂടുതൽ തുക ഈ വർഷം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(സി) പ്രധാനമായും തദ്ദേശവിനോദസഞ്ചാരികളെ ഉദ്ദേശിച്ചാണ് ഈ ആഘോഷം നടത്തിവരുന്നത്. 2001 മുതൽ ഓണാഘോഷം നടന്നവേളയിൽ തലസ്ഥാനം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ കണക്ക് താഴെ കൊടുക്കുന്നു:

വർഷം	*മാസം*	*വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം*
2001	സെപ്തംബർ	1,945
2002	ആഗസ്റ്റ്	1,529
2003	സെപ്തംബർ	3,350
2004	ആഗസ്റ്റ്	4,480

(ഡി) വിദേശ വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഇത്തവണ തിരുവനന്തപുരത്തിനുപുറമേ കൊച്ചിയിലും കോഴിക്കോടും വിപുലമായ രീതിയിൽ ഓണാഘോഷപരിപാടികൾ സംഘടിപ്പിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ചിറ ടൂറിസം പദ്ധതി

255 [1208] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട താമരക്കുളം പഞ്ചായത്തിലെ വയ്യാങ്കര ചിറ ടൂറിസം പദ്ധതിയുടെ നാളിതുവരെയുള്ള നടപടികൾ വിശദമാക്കുമോ;